**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3297** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രം കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യൂ ടി. തോമസ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ചിറ്റൂർ നിയോജകമണ്ഡലത്തിലെ ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിന് അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | ചിറ്റൂർ നിയോജക മണ്ഡലത്തിലെ ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിന് 2019-20 വർഷത്തെ ബജറ്റ് അനുബന്ധം 2 വാല്യം II ക്രമനമ്പർ 138 പ്രകാരം പ്രവൃത്തി തുകയായ 1 കോടി രൂപയുടെ 20% ടോക്കൺ പ്രൊവിഷൻ ലഭ്യമായിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | സർക്കാർ ഉത്തരവ് GO(Rt) No. 1420/2025/H&FWD dt 24/05/2025 പ്രകാരം 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കുമോ; | (സി) | സാങ്കേതികാനുമതിക്ക് പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ടെന്റേറ്റീവ് ഡിസൈൻ ആവശ്യമാണ്. ആയത് തയ്യാറാക്കുന്നതിലേയ്ക്കായി സോയിൽ ഇൻവെസ്റ്റിഗേഷൻ, ടോട്ടൽ സ്റ്റേഷൻ സർവ്വേ, എന്നിവ പൂർത്തിയാക്കി ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ടെന്റേറ്റീവ് ഡിസൈൻ ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കുന്നു. |
| (ഡി) | പ്രസ്തുത പ്രവൃത്തി അടിയന്തര പ്രാധാന്യത്തോടെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ടെന്റേറ്റീവ് ഡിസൈൻ ലഭ്യമായാൽ ഉടൻ തന്നെ സാങ്കേതികാനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയത് അംഗീകരിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവർത്തി ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ